➪ *അമേരിക്കക്ക് അനുകൂലമായ വാർത്തകൾ മാത്രമാണ് പുറത്തുവന്നത്* ➪

# മാവോയിസ്റ്റ് വേട്ട: സംശയത്തെക്കുറിച്ചുള്ള മാധ്യമനിർമ്മിതികൾ

2013 ഫെബ്രുവരിയിൽ കേരള പോലീസ് നടത്തിയ മാവോയിസ്റ്റ് തിരച്ചിലിന്റെ മാധ്യമ പ്രതിനിധാനങ്ങളുടെ പശ്ചാത്തലത്തിൽ ഭരണകൂട ഹിംസയുടെ ഭാഷ മാധ്യമങ്ങളിലേക്കും അതുവഴി പൊതുസമൂഹത്തിലേക്കും പടരുന്നതിന്റെ വിപത്തുകൾ വിശദമാക്കുന്നു

**എസ്. ശരത്**

2003ലെ ഇറാഖ് അധിനിവേശ കാലത്ത് യു.എസ് സേന നൽകുന്ന വസ്തുതകൾ മാത്രം റിപ്പോർട്ട് ചെയ്ത് മാലോകർക്ക് യുദ്ധത്തിന്റെ തത്സമയ വിവരങ്ങൾ കൈമാറാൻ 775 മാധ്യമപ്രവർത്തകർ സൈന്യത്തിനൊപ്പം ഉണ്ടും ഉറങ്ങിയും സഞ്ചരിച്ചിരുന്നു. 'എംബഡഡ് ജേർണലിസം' എന്നറിയപ്പെട്ട ഈ മാധ്യമപ്രവർത്തനരീതി, 2002 നവംബറിൽ തന്നെ സൈന്യത്തിനൊപ്പം ചേർന്ന് പ്രത്യേകം പരിശീലിച്ചെടുത്തതാണ് ഈ യുദ്ധ കറസ്പോണ്ടന്റുകൾ. അവർ യുദ്ധമുഖത്ത് യു.എസ് സേനയുടെ പ്രചാരസംഘമായി മാറി. പട്ടാളം പറയുന്നതല്ലാതെ ഒന്നും കൊടുക്കരുത് എന്ന കരാർ മാധ്യമങ്ങൾ അതേപടി പാലിച്ചതോടെ അധിനിവേശം നടത്തിയ അമേരിക്കക്ക് അനുകൂലമായ വാർത്തകൾ മാത്രമാണ് പോർനിലങ്ങളിൽ നിന്നും പുറത്തുവന്നത്. ഈ അധാർമ്മിക മാധ്യമപ്രവർത്തനരീതിയുടെ കൂടുതൽ വിശദാംശങ്ങൾ പിൽക്കാലത്ത് വെളിപ്പെട്ടതോടെ അധിനിവേശത്തിന്റെയും അധിനിവേശത്തിന്റെ നടത്തിപ്പു ചുമതലക്കാരായ സൈന്യത്തിന്റെയും ചിയർ ലീഡർമാരായി മാറുന്ന മാധ്യമപ്രവർത്തനത്തെ വിശേഷിപ്പിക്കാനുള്ള ആഗോള പദമായി 'എംബഡഡ് ജേർണലിസം' മാറി.

പലവിധത്തിലുള്ള 'എംബഡഡ് ജേർണലിസം' പല താത്പര്യങ്ങളുടെയും സംരക്ഷണത്തിനായി കേരളത്തിലും നാളുകളായി നടക്കുന്നുണ്ടെങ്കിലും പോലീസ് – സേന വിഭാഗത്തെ പിന്തുടർന്ന്, സൈനിക വ്യൂഹത്തിന്റെ മാത്രം വക്താക്കളായി മാധ്യമങ്ങൾ മാറുന്ന അപൂർവ്വ കാഴ്ച കണ്ടത് അടുത്തിടെ കേരളത്തിൽ നടന്ന കാടുകയറിയുള്ള മാവോയിസ്റ്റ് തിരച്ചിലിലാണ്. കർണ്ണാടകയോട് ചേർന്നുള്ള അതിർത്തി ഗ്രാമങ്ങളിലെ ചില തോട്ടം തൊഴിലാളികൾ മാവോയിസ്റ്റുകളെ കണ്ടെന്ന പ്രചാരണത്തിന്റെ തുമ്പ് പിടിച്ചാണ് കേരളത്തിലെ മാവോയിസ്റ്റ് സാന്നിധ്യത്തെക്കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിൽ നിറഞ്ഞുതുടങ്ങുന്നത്. ആദ്യം ലോക്കൽ പൊലീസും പിന്നീട് കേരള പൊലീസിൽ പ്രത്യേക പരിശീലനം നേടിയ കമാൻഡോ വിഭാഗമായ തണ്ടർബോൾട്ടുമാണ് മാവോയിസ്റ്റുകൾക്കു വേണ്ടി വയനാടൻ കാടുകളിൽ തിരച്ചിൽ നടത്തിയത്. അപ്രതീക്ഷിതമായ രീതിയിലുള്ള

വാർത്താ പ്രാധാന്യമാണ് അടുത്തദിവസം മുതൽ തണ്ടർബോൾട്ട് കമാൻഡോ സംഘത്തിന്റെ കാടിളക്കലിന് മലയാള മാധ്യമങ്ങൾ നൽകിയത്. ചാനലുകളുടെ റിപ്പോർട്ടർമാരെല്ലാം തണ്ടർബോൾട്ട് സംഘം എത്തുന്നതും കാത്തിരുന്ന് അവർക്കൊപ്പം സഞ്ചാരം തുടങ്ങി. 'ഓപ്പറേഷൻ ബ്രഹ്മഗിരി' എന്നുപേരിട്ട കാടുകയറിയുള്ള മാവോയിസ്റ്റ് തിരച്ചിലിനെ ഒരു ത്രില്ലർ സിനിമയുടെ പരിവേഷം നൽകി ദൃശ്യമാധ്യമങ്ങൾ സംഭവബഹുലമാക്കി. പോലീസ്സ്റ്റേഷൻ ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് പറഞ്ഞ് ദൃശ്യമാധ്യമങ്ങൾ സ്റ്റേഷനുകൾക്ക് മുന്നിൽ തത്സമയ ദൃശ്യത്തിനായി കാത്തിരുന്നു. മാവോയിസ്റ്റ് ദൗത്യത്തെക്കുറിച്ചുള്ള പോലീസ് ഭാഷ്യങ്ങൾ റിപ്പോർട്ടർമാർ അപ്ഡേറ്റുകളായി ചർവ്വിതചർവ്വണം ചെയ്തുകൊണ്ടിരുന്നു. മിക്ക പത്രങ്ങളും അടുത്ത ദിവസങ്ങളിൽ ഇതേ ഭാഷ്യം മുഖ്യതാളുകളിൽ നിറച്ചു. വാർത്തകളുടെ തള്ളൽ കാരണം ഒറ്റദിവസം കൊണ്ട് കേരളം മധ്യേന്ത്യയിലെ റെഡ്കോറിഡോറിനേക്കാൾ വലിയ മാവോയിസ്റ്റ് ഭൂമികയായി മാറി. മാവോയിസ്റ്റുകളെ കണ്ടെന്ന പ്രചാരണം കേരളത്തിലെ പശ്ചിമഘട്ടത്തോട് ചേർന്നുകിടക്കുന്ന പല ഗ്രാമങ്ങളിൽ നിന്നും (കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ) അടുത്തദിവസം മുതൽ വ്യാപകമായി കേട്ടുതുടങ്ങി. മാവോയിസ്റ്റ് സാന്നിധ്യം ഉള്ളതായി പോലീസ് സ്ഥിരീകരിച്ചു എന്നറിയിച്ച് മാധ്യമങ്ങൾ പോലീസിനേക്കാൾ ഒരുപടി മുന്നിൽ കടന്ന് ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി. ''തണ്ടർബോൾട്ട് സഖ്യം എത്തിച്ചേർന്ന് തിരച്ചിൽ തുടങ്ങിയാൽ വൈകാതെ മാവോയിസ്റ്റ് സംഘത്തെ പിടികൂടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന്'' ചാനൽ റിപ്പോർട്ടർമാർ അതാത് 'മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ' നിന്നും മൊഴിഞ്ഞു. (യൂടൂബിൽ ഈ വീഡിയോലിങ്ക് പരിശോധിക്കാം– https://www.youtube.com/watch?v=B5Otv8VEZ0I) മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി, മാവോയിസ്റ്റുകൾക്ക് കേരളത്തിലെ ചില സംഘടനകളുടെ സഹായം കിട്ടുന്നുണ്ടെന്ന് ഡി.ജി.പി ഒഴുക്കൻ മട്ടിൽ പറഞ്ഞതിനെ അവർ സമർത്ഥമായി ഉറപ്പിച്ചു പറഞ്ഞു. (യൂടൂബ് വീഡിയോലിങ്ക് പരിശോധിക്കാം - https://www.youtube.com /watch?v=sK93mVEHzw4)

സാഹചര്യത്തെളിവുകളുടെയും വ്യക്തമല്ലാത്ത സാക്ഷിമൊഴികളുടെയും രഹസ്യാന്വേഷണ വിഭാഗം പതിവായി തരുന്നതുപോലെയുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഇത്ര തകൃതിയായി മാവോയിസ്റ്റ് ഓപ്പറേഷൻ എന്തിന് നടത്തുന്നു എന്നന്വേഷിക്കാൻ ആദ്യ രണ്ടാഴ്ച ഒറ്റ മാധ്യമങ്ങളും തയ്യാറായില്ല. പട്ടാളം പറയുന്നതല്ലാതെ ഒന്നും കൊടുക്കരുത് എന്ന എംബഡഡ് കരാർ മലയാളി ജേർണലിസ്റ്റുകളും അറിഞ്ഞോ അറിയാതെയോ പ്രാക്ടീസ് ചെയ്തു എന്ന് പറയേണ്ടിവരുന്നത് അതുകൊണ്ടാണ്. ആ ദിവസങ്ങളിൽ വന്ന ചില വാർത്തകൾ നോക്കാം. 2013 ഫെബ്രുവരി 13ന് 'മാവോവാദികളുടെ സാന്നിധ്യം സ്ഥിരീകരിച്ചു; അഞ്ച് ജില്ലകളിൽ ജാഗ്രതാ നിർദേശം' – എന്ന തലക്കെട്ടിൽ മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരിച്ച വാർത്ത ഇങ്ങനെ പറയുന്നു.

*''കർണാടകത്തിൽ പോലീസിന്റെ തിരച്ചിൽ ശക്തമായതോടെയാണ് ഇരുപതോളം വരുന്ന മാവോവാദികൾ കേരള വനങ്ങളിലേക്ക് കടന്നത്. ഇവരെ പിന്തുടർന്ന് വന്ന കർണാടക പോലീസിന്റെ മാവോ വിരുദ്ധ സേനാംഗങ്ങളാണ് ഇക്കാര്യം കേരള പോലീസിനെ അറിയിച്ചത്. തുടർന്ന് കേരള പോലീസും തിരച്ചിൽ ശക്തമാക്കി. വനമേഖലകളിൽ തിരച്ചിൽ നടത്താനും ഗറില്ല യുദ്ധം നേരിടാനും പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള തണ്ടർബോൾട്ട് സേനയിലെ 60 കമാൻഡോകളുടെ സഹായത്തോടെയാണ് കേരള പോലീസ് തിരച്ചിൽ നടത്തുന്നത്......*

*നക്സൽ വർഗീസ് ദിനമായ ഫിബ്രവരി പതിനെട്ടിനോ മുത്തങ്ങ വെടിവയ്പ് ദിനമായ ഫിബ്രവരി 19 നോ മാവോവാദികളുടെ അക്രമം ഉണ്ടാകുമെന്ന അഭ്യൂഹം ശക്തമാണ്. എന്നാൽ ഇത്തരത്തിൽ ഒരു ഓപ്പറേഷൻ നടത്താനുള്ള ശക്തി തൽക്കാലം ഇവർക്കില്ലെന്ന് പോലീസ് അധികൃതർ പറഞ്ഞു. മാവോവാദികളുടെ സാന്നിധ്യം ഏറെക്കുറെ സ്ഥിരീകരിച്ചിട്ടുണ്ട്.''*

പോലീസ് ഭാഷ്യങ്ങളും അഭ്യൂഹങ്ങളും മാത്രമാണ് ഈ വാർത്ത പറയുന്നതെന്ന് വരികളിൽ വ്യക്തം. കർണ്ണാടക പോലീസ് തിരച്ചിൽ ശക്തമാക്കിയതോടെയാണ് ഇരുപതോളം മാവോയിസ്റ്റുകൾ കേരളത്തിലേക്ക് കടന്നതെന്ന വിവരം കർണ്ണാടക പോലീസിനോ അവരെ അധികരിച്ച് കേരള പോലീസിനോ അല്ലാതെ ആർക്കാണ് പറയാൻ കഴിയുന്നത്? തീവ്രവാദകേസുകളിൽ കർണ്ണാടക പോലീസ് അറസ്റ്റുചെയ്ത പല പ്രതികളെയും പിന്നീട് വെറുതെവിടുകയും പല കേസുകളും കെട്ടിച്ചമച്ചതാണെന്ന ആരോ

⇨ *വർഗീസ് ദിനാചരണത്തിനുള്ള അനുമതി പലയിടത്തും നിഷേധിക്കപ്പെട്ടു* ⇨




**കാർട്ടൂൺ: വി.എസ്. ഗിരീശൻ**

പണം നിലനിൽക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ കർണ്ണാടക പോലീസിന്റെ ഭാഷ്യം കണ്ണടച്ച് വിശ്വസിച്ച് നിരത്തുന്നതുതന്നെ മാധ്യമപ്രവർത്തനത്തിന്റെ നല്ല മാതൃകയല്ല. മദനിക്കെതിരെയുള്ള കർണ്ണാടക പോലീസിന്റെ കെട്ടിച്ചമയ്ക്കൽ കേസ് അന്വേഷിച്ചുപോയ മാധ്യമപ്രവർത്തക കെ.കെ. ഷാഹിനയ്ക്ക് നേരിടേണ്ടിവരുന്ന ദുരനുഭവങ്ങളെങ്കിലും പോലീസിന്റെ കൂലിയെഴുത്തുവേല ചെയ്യുമ്പോൾ ഈ എംബഡഡ് ജേർണലിസ്റ്റുകൾ ഓർക്കേണ്ടതായിരുന്നു.

2013 ഫെബ്രുവരി 18ന് മാതൃഭൂമി എഴുതുന്നു, "*കണ്ണൂരിലെ 14 പോലീസ് സ്റ്റേഷനുകൾക്ക് പൊതുവിലും നാലു സ്റ്റേഷനുകൾക്ക് പ്രത്യേകിച്ചും മവോവാദി ഭീഷണിയുണ്ടെന്ന ഇന്റലിജൻസ് മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സുരക്ഷ ശക്തമാക്കാൻ ഉന്നത പോലീസ് ഉദ്യോഗസ്ഥർ തീരുമാനിച്ചു.... എന്നാൽ, കണ്ണൂരിൽ പേരിനുപോലും സുരക്ഷാസംവിധാനങ്ങളായിട്ടില്ല. ഉന്നത ഉദ്യോഗസ്ഥരാരും ഈ മേഖലയിലേക്ക് തിരിഞ്ഞുനോക്കിയിട്ടുമില്ല. ഇതോടെ, പ്രതിരോധത്തിന് ഒന്നുമില്ലാത്തതിനാൽ ഈ രണ്ടുദിവസവും കണ്ണൂർ ആശങ്കയിലാണ്.*" മാവോയിസ്റ്റുകളിൽ നിന്നും പോലീസിനുണ്ടാകാൻ പോകുന്ന ആക്രമണത്തിൽ എംബഡഡ് മാധ്യമങ്ങൾ ആശങ്കാകുലരാകുന്നു.

വിചിത്രമായ വാർത്തകൾ പലതും എഴുതിവിട്ടത് മംഗളം പത്രമാണ്. ഇന്റലിജൻസിനെ അവലംബിച്ച് പതിവായി വാർത്തകൾ എഴുതാറുള്ള മംഗളം 2013 ഫെബ്രുവരി 15ന് ഇങ്ങനെ എഴുതുന്നു. "*മലയാളികൾ ഉൾപ്പെടെ 27 പേർ ഉൾപ്പെട്ട ഒരു ദളം മാവോയിസ്റ്റുകൾ രൂപീകരിച്ചതായാണു വിവരം. ദളം രൂപീകരിച്ചാൽ ഭരണകൂടത്തിനെതിരെ മാരകമായ രീതിയിലുള്ള പ്രഹരം നടത്തി കഴിവു തെളിയിക്കണമെന്നതാണ് മാവോയിസ്റ്റുകളുടെ ചട്ടമെന്നു രഹസ്യാന്വേഷണ ഏജൻസികൾ ചൂണ്ടിക്കാട്ടുന്നു. ആക്രമണപദ്ധതി തയാറാക്കിയാൽ അതു നടപ്പാക്കുകയെന്നതാണു മാവോയിസ്റ്റുകളുടെ രീതി. ഇതാണ് പോലീസ് സ്റ്റേഷൻ പോലുള്ള തന്ത്രപ്രധാന കേന്ദ്രങ്ങൾ ആക്രമിക്കപ്പെട്ടേക്കാമെന്നു സുരക്ഷാ ഏജൻസികൾ ഭയക്കുന്നതിന്റെ പ്രധാന കാരണം.*"

ഒരു ദളവും രൂപീകരിക്കപ്പെട്ടിട്ടുള്ളതായി കണ്ടെത്താൻ പോലീസിന് കഴിഞ്ഞിട്ടില്ല. വ്യക്തമല്ലാത്ത ഇത്തരം കഥകൾ രഹസ്യാന്വേഷണ ഏജൻസികൾ തരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മെനഞ്ഞെടുത്ത് ജനങ്ങളിൽ ഭീതി സൃഷ്ടിക്കുന്നതുകൊണ്ട് മംഗളത്തിന് എന്തുമെച്ചമാണുണ്ടാകുന്നത്?

കാട്ടിൽ നടക്കുന്ന തിരച്ചിലിനെ പിൻപറ്റി നാട്ടിലും പലയിടത്തും പോലീസ് മാവോയിസ്റ്റ് വേട്ട നടത്തി. വർഗീസ് രക്തസാക്ഷി ദിനാചരണത്തിന്റെ പോസ്റ്ററൊട്ടിച്ചവരെയും നോട്ടീസ് വിതരണം ചെയ്തവരെയും 'പോരാട്ടം' എന്ന സംഘടനയുടെ ചില പ്രവർത്തകരെയുമാണ് പോലീസിന് പിടികൂടാനായി കിട്ടിയത്. അവിടെയും പോലീസിന്റെ വീരേതിഹാസത്തെ മാധ്യമങ്ങൾ വീറോടെ പകർത്തി. വർഗീസ് ദിനാചരണത്തിനുള്ള അനുമതി പലയിടത്തും നിഷേധിക്കപ്പെട്ടു. വർഷങ്ങളായി കേരളത്തിൽ പല സ്ഥലങ്ങളിലും നടക്കാറുള്ള വർഗീസ് ദിനാചരണത്തെ മാവോയിസ്റ്റ് പരിപാടിയാണെന്ന തെറ്റിധാരണ സൃഷ്ടിക്കുന്ന തരത്തിലാണ് മാധ്യമങ്ങൾ അവതരിപ്പിച്ചത്. വർഗീസ് അനുസ്മരണം നടത്തുന്നത് എ

ങ്ങനെയാണ് രാജ്യദ്രോഹമാകുന്നത്? വർഗീസിനെ വെടിവയ്ക്കാൻ ഉത്തരവിട്ട ഉന്നത പോലീസ് ഉദ്യോഗസ്ഥൻ ഇന്ന് ജയിൽശിക്ഷ അനുഭവിക്കുകയാണ്. വർഗീസിനെ കൊലപ്പെടുത്തിയത് നിഷ്ഠൂരമായിപ്പോയി എന്നാണ് സുപ്രീംകോടതിപോലും നിരീക്ഷിച്ചത്. മാധ്യമങ്ങൾ തന്നെ പുറത്തുകൊണ്ടുവന്ന പല സത്യങ്ങളും അവർതന്നെ മറന്നുകളയുന്നു. വർഗീസ് കൊല്ലപ്പെട്ട സമയത്ത്, 'കാടിനുള്ളിൽ നക്സലൈറ്റുകളെ അമർച്ചചെയ്യുന്നതിനിടെ പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ നക്സൽ നേതാവ് വർഗ്ഗീസ് കൊല്ലപ്പെട്ടു' എന്നാണ് എല്ലാ പത്രങ്ങളും പോലീസ് മൊഴി കടമെടുത്ത് എഴുതിയത്. എന്നാൽ വർഗീസ് ഒരു ഭീകരനായിരുന്നില്ല എന്ന് ഏറ്റുമുട്ടൽ കൊലപാതകത്തെക്കുറിച്ച് പണ്ട് കഥകളെഴുതി അതേ മാധ്യമങ്ങളിലൂടെയാണ് പിന്നീട് കേരളം തിരിച്ചറിയുന്നത്. വർഗ്ഗീസിനെ പിടികൂടി വെടിവച്ചു കൊന്നതാണെന്ന വിവരം രാമചന്ദ്രൻ നായർ എന്ന റിട്ടയേർഡ് കോൺസ്റ്റബിൾ മാധ്യമങ്ങളിലൂടെ തന്നെ പുറത്തുവിട്ടു. അതോടെ മാധ്യമങ്ങൾക്ക് വർഗീസ് ധീരരക്തസാക്ഷിയായി. ആ ചരിത്രമെല്ലാം മറന്ന് ഇപ്പോൾ വർഗീസ് ദിനാചരണം ഏതോ ഭീകരപരിപാടി പോലെ അവതരിപ്പിക്കുന്നത് തീർത്തും അപലപനീയമാണ്. വർഷങ്ങളായി വർഗീസിനെ അനുസ്മരിക്കുന്ന ജനാധിപത്യവാദികളോടുള്ള അവഹേളനമാണ്.

മറ്റൊരു ഉദാഹരണം നോക്കാം. മേനക ജംഗ്ഷനിൽ പോസ്റ്ററൊട്ടിച്ചതിന് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ എസ്.ഐ സ്വപ്നേഷ് ബാബു എന്ന ഒരു യുവാവിനെ അറസ്റ്റുചെയ്തു. അറസ്റ്റിനെക്കുറിച്ച് മാധ്യമപ്രവർത്തകർക്ക് എസ്.ഐ തന്നെ സന്ദേശവും അയച്ചു. 'മർദ്ദിതരുടെ വിമോചന പോരാട്ടത്തെ കൂച്ചുവിലങ്ങിടാനുള്ള പടയൊരുക്കം ഭരണകൂടത്തിന്റെ വെറും വ്യാമോഹം മാത്രമാണ്' എന്നെഴുതിയ പോസ്റ്റർ പതിച്ചതിന്റെ പേരിൽ സ്വപ്നേഷിനെ അറസ്റ്റുചെയ്തു എന്നാണ് എസ്.ഐ നൽകിയ പത്രക്കുറിപ്പ് പറയുന്നത്. എന്താണ് ഈ പോസ്റ്റർ വാചകങ്ങളിലെ നിയമവിരുദ്ധത? അതൊന്നും ആലോചിക്കാതെ മാധ്യമങ്ങൾ 'മാവോയിസ്റ്റ് അനുകൂല പോസ്റ്ററൊട്ടിച്ചയാൾ അറസ്റ്റിൽ' എന്ന് വാർത്ത കൊടുത്ത് പോലീസ് കൃത്യത്തെ പതിവുപോലെ ന്യായീകരിച്ചു. പോലീസിന്റെ പത്രക്കുറിപ്പ് പറയുന്നതുപോലെയുള്ള പോസ്റ്ററിലെ ഈ വാചകങ്ങൾ എങ്ങനെയാണ് അറസ്റ്റിലേക്ക് നയിക്കുന്ന കുറ്റമായി മാറുന്നത്? പോസ്റ്ററൊട്ടിക്കുന്നത് എന്തായാലും ഇന്ത്യയിൽ കുറ്റകരമായ കാര്യമല്ല. അന്വേഷണത്തിന് ആരും തയ്യാറിയില്ല. സ്വപ്നേഷും റിമാൻഡിലായി. യു.എ.പി.എ (അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്) നിയമത്തിലെ കഠിനമായ വകുപ്പായ 39(1) എ പ്രകാരമാണ് സ്വപ്നേഷിനെതിരെ കേസെടുത്തിരിക്കുന്നത്. യു.എ.പി.എ നിയമത്തിന്റെ മനുഷ്യത്വ വിരുദ്ധതയെക്കുറിച്ച് സംസാരിക്കാൻ സ്വപ്നേഷ് അറസ്റ്റിലായതിനെക്കുറിച്ച് വാചാലരായ മാധ്യമങ്ങൾക്ക് താത്പര്യമില്ല.

ലഘുലേഖകൾ കണ്ടെത്തി എന്നതാണ് പലയിടത്തും അറസ്റ്റിന് കാരണമായി ആരോപിക്കപ്പെട്ട മറ്റൊരു കുറ്റം. മലയാള മനോരമ (2013 ഫെബ്രുവരി 18) ലഘുലേഖയെക്കുറിച്ച് എഴുതിയിരിക്കുന്നത് നോക്കൂ. *"വനാതിർത്തികളുള്ള പോലീസ് സ്റ്റേഷനുകളിൽ ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചതിന് പിന്നാലെ പ്രചരിക്കുന്ന ലഘുലേഖകൾ ജില്ലയിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾക്ക് കളമൊരുക്കാനുള്ള നീക്കമായാണ് കരുതുന്നത്."* ആര് കരുതുന്നതായാണ് ഈ വാർത്ത വായിക്കുന്നയാൾ കരുതേണ്ടത്? സായുധ വിപ്ലവം നടത്താൻ ആഹ്വാനം ചെയ്യുന്ന ലഘുലേഖ വിതരണം ചെയ്തതുകൊണ്ട് ഇന്ത്യയിൽ എവിടെയാണ് വിപ്ലവം നടന്നിട്ടുള്ളത്? ലഘുലേഖ കൈയിൽ വയ്ക്കുന്നത് തെറ്റല്ലെന്ന് ബിനായക് സെന്നിന്റെ കേസിലടക്കം സുപ്രീം കോടതി പറഞ്ഞിട്ടുള്ള കാര്യമാണ്. പോലീസിന് അതറിയില്ലെങ്കിലും മാധ്യമപ്രവർത്തകർ അതറിയേണ്ടതായിരുന്നു.

മാവോയിസ്റ്റ് ബന്ധമാരോപിച്ച് ഏറ്റവും കൂടുതൽ അറസ്റ്റിലായത് പോരാട്ടം എന്ന സംഘടനയുടെ പ്രവർത്തകരാണ്. എന്നാൽ പോരാട്ടം ഒരു നിരോധിത സംഘടനയല്ല. അത്തരം സാഹചര്യത്തിൽ പോരാട്ടം പ്രവർത്തകരെ വ്യക്തമായ തെളിവുകളില്ലാതെ അറസ്റ്റ് ചെയ്യുന്നത് ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ പോരാട്ടം ഒരു നിരോധിത ഭീകരസംഘടനയായി അവതരിപ്പിക്കുന്ന വിധത്തിലാണ് വാർത്തകൾ എഴുതപ്പെട്ടത്. പോലീസ് കൊടുക്കുന്ന വാർത്തയ്ക്ക് പോലീസിന്റെ ന്യായം മാത്രമേ ഉണ്ടാകൂ.

ചില കേന്ദ്രകഥാപാത്രങ്ങളുണ്ടാകുമ്പോൾ മാത്രമാണ് ഏത് കഥയ്ക്കും കൂടുതൽ സാംഗത്യമുണ്ടാകുന്നത്. മാവോയിസ്റ്റ് വേട്ടക്കഥയ്ക്ക് അത്തരമൊരു വഴിത്തിരിവു

*⇨ മാധ്യമങ്ങൾ പൗര നിയന്ത്രണങ്ങൾ സാധ്യമായ നിയമസംവിധാനങ്ങൾക്ക് പുറത്താണ് പ്രവർത്തിക്കുന്നത⇨*

ണ്ടാക്കാൻ മാധ്യമങ്ങൾ കണ്ടെത്തിയ വ്യക്തിയായിരുന്നു മാവോയിസ്റ്റ് പ്രവർത്തകനായ രൂപേഷ്. 2013 ഫെബ്രുവരി 20ന് ഇറങ്ങിയ മംഗളം എഴുതുന്നത് നോക്കാം. *"സാമൂഹിക പ്രവർത്തകനായിരുന്നു രൂപേഷ്. ഇയാളെക്കുറിച്ച് പോലീസിനോ പൊതുസമൂഹത്തിനോ കൂടുതൽ വിവരങ്ങൾ ലഭ്യമല്ല. നിശബ്ദ പ്രവർത്തനമായിരുന്നു രൂപേഷിന്റെ രീതി. ഉന്നത വിദ്യാഭ്യാസമുള്ള രൂപേഷ് അന്യസംസ്ഥാന തൊഴിലാളികൾ അടക്കമുള്ള താഴേത്തട്ടുകാർക്കിടയിലാണ് പ്രവർത്തിക്കുന്നത്."*

പോലീസിന്റെ അനുമാനങ്ങൾക്കൊപ്പം സഞ്ചരിക്കുന്ന മംഗളം, മാവോയിസ്റ്റുകളെക്കൂടാതെ സാമൂഹ്യപ്രവർത്തകരെയും അന്യസംസ്ഥാന തൊഴിലാളികളേയും അറിഞ്ഞോ അറിയാതെയോ ഈ വാർത്തയിലൂടെ സംശയത്തിന്റെ നിഴലിലാഴ്ത്തുന്നു. (ഈ രീതിയിൽ ചൂണ്ടിക്കാണിക്കാൻ ഇനിയും വാർത്തകളുണ്ടായിരുന്നെങ്കിലും അവ ആവർത്തിക്കേണ്ടതില്ലെന്ന് കരുതുന്നു).

2005ൽ ആണ് ഇന്ത്യയുടെ ഏറ്റവും വലിയ ആഭ്യന്തര ഭീഷണി മാവോയിസ്റ്റുകളാണെന്ന് മൻമോഹൻ സിംഗ് ആദ്യമായി പറയുന്നത്. ആ പ്രസ്താവനയെത്തുടർന്ന് പല ഖനന കമ്പനികളുടെയും ഓഹരിവില കുതിച്ചുയർന്നതായുള്ള വിവരങ്ങൾ പുറത്തുവന്നു. ഖനനം നടത്തുന്നതിന് തടസ്സമൊന്നുമുണ്ടാകില്ല എന്ന ഉറപ്പുകൂടിയായിരുന്നു പ്രധാനമന്ത്രിയുടെ പ്രസ്താവന എന്നാണ് ഇത് വ്യക്തമാക്കുന്നത്

എന്തായാലും പോലീസിന്റെയും എംബഡഡ് മാധ്യമങ്ങളുടെയും ശ്രമങ്ങൾക്ക് ഫലമുണ്ടായി. മാവോയിസ്റ്റ് ഭീഷണി നേരിടാൻ പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിക്കുമെന്ന് ആഭ്യന്തര മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉടൻ പ്രസ്താവിച്ചു. ആന്ധ്രയിലെ ഗ്രേഹൗണ്ട്സ്, സി.ആർ.പി.എഫിന്റെ കോബ്ര വിഭാഗങ്ങളുടെ മാതൃകയിലായിരിക്കും പ്രത്യേക സേന.

ഭരണകൂടം പറയുന്നതുപോലെ പ്രവർത്തിക്കാൻ സജ്ജരാക്കപ്പെട്ടിരിക്കുന്ന ഘടനയാണ് പോലീസിന്റേത്. പക്ഷെ മാധ്യമങ്ങൾ എന്തിനാണ് പോലീസ് പറയുന്നതുപോലെ ചെയ്യാൻ സജ്ജരാകുന്നത്? ഇന്റലിജൻസ് വിഭാഗത്തിലെ ഏമാന്മാരോടുള്ള പരിചയം കൊണ്ട് ചോർന്നുകിട്ടുന്ന വിവരങ്ങൾ വച്ച് എക്സ്ക്ലൂസീവ് വാർത്ത ചമയ്ക്കുന്ന മാധ്യമപ്രവർത്തകർ ഭരണകൂടം പ്രയോഗിക്കുന്നതിനേക്കാൾ മാരകശേഷിയുള്ള ആയുധമാണ് പടയ്ക്കുന്നത്. മാസ് ഹിസ്റ്റീരയകൾ നിർമ്മിക്കുന്ന മാധ്യമായുധത്തിന്റെ പ്രഹരശേഷി തണ്ടർബോൾട്ടിനില്ല. പോലീസ് നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ തന്നെ ഇച്ഛാശക്തിയുള്ള ആർക്കും നിലവിലുള്ള നിയമസംവിധാനങ്ങളുടെ സഹായത്തോടെ പോലീസ് ചെയ്തികളെ നിയമ വിധേയമാക്കാനും വസ്തുതകൾ പുറത്തുകൊണ്ടുവരാനുമുള്ള പരിമിതമായ സാധ്യതകളെങ്കിലും നിലനിൽക്കുന്നുണ്ട്. എന്നാൽ മാധ്യമങ്ങൾ അത്തരം പൗര നിയന്ത്രണങ്ങൾ സാധ്യമായ നിയമസംവിധാനങ്ങൾക്ക് പുറത്താണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് മാധ്യമങ്ങൾ അവരോട് തന്നെ അക്കൗണ്ടബിൾ ആകേണ്ടത് പ്രധാനമായി വരുന്നത്. തങ്ങൾക്ക് സെൽഫ് സെൻസർഷിപ്പ് മതി എന്നാണല്ലോ മാധ്യമ ലോകം എപ്പോഴും വാദിക്കുന്നത്. പക്ഷെ ലാഭേച്ഛയിൽ ഊന്നുന്ന മത്സരാധിഷ്ഠിത പരിസരത്തിൽ ആ ബോധ്യം മാധ്യമങ്ങൾക്ക് നഷ്ടമാകുന്നതിന്റെ സൂചനകളിൽ ഒന്നുകൂടിയാണ് ഈ 'മാവോയിസ്റ്റ്' വാർത്തകൾ.

ഒടുവിൽ മുഖ്യമന്ത്രിയും കേരളത്തിൽ മാവോയിസ്റ്റ് ഭീഷണിയില്ല എന്ന് പറഞ്ഞതോടെ 'കാടരിച്ചുപെറുക്കിയ തണ്ടർബോൾട്ട് സംഘത്തിന് ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല' എന്നിടത്ത് തീർന്നു മാധ്യമങ്ങൾ പരത്തിയ മാവോയിസ്റ്റ് ഭീതി. തുടർന്ന് മറ്റൊരു എക്സ്ക്ലൂസിവിലേക്ക്. എന്നാൽ ചെറുപുഴ പഞ്ചായത്തിലെ കാനംവയൽ എന്ന സ്ഥലത്ത് സി.പി.ഐ (മാവോയിസ്റ്റ്) പശ്ചിമഘട്ട പ്രത്യേക മേഖലാസമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ജനകീയ വിമോചന ഗറില്ലാസേന, പോലീസ് തിരച്ചിൽ നടത്തിയ ദിവസങ്ങളിൽ തന്നെ തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്തിയെന്നും ലഘുലേഖ വിതരണം ചെയ്തുവെന്നും മാവോയിസ്റ്റ് പ്രവർത്തകൻ രൂപേഷ് പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. (മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 2, പുസ്തകം 91). രൂപേഷിന്റെ വെളിപ്പെടുത്തൽ വാസ്തവമെങ്കിൽ അതുമായി ബന്ധപ്പെട്ട യാതൊരു വസ്തുതകളും കണ്ടെത്താൻ കാടിളക്കിമറിച്ച പോലീസിനും അവരോടൊപ്പമുണ്ടായിരുന്ന എംബഡഡ് വിദഗ്ധർക്കും എന്തുകൊണ്ട് കഴിഞ്ഞില്ല? വസ്തുതകളേക്കാളേറെ

➪ ആദിവാസി നരഹത്യ നടത്തുകയാണ് സ്പെഷ്യൽ പോലീസ് ഓഫീസേഴ്സ് ചെയ്തതെന്ന് പിന്നീട് തെളിഞ്ഞു ➪




സ്പെഷ്യൽ പോലീസ് ഓഫീസേഴ്സ്, .303 റൈഫിളുമായി

സംഭ്രമത്തോടായിരുന്നു മാധ്യമങ്ങൾക്ക് താത്പര്യം എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പോലീസ് പറയുന്ന ഊഹങ്ങളെക്കൂട്ടുപിടിച്ച് ഭീതിപരത്തുന്ന ഇത്തരം മാധ്യമപ്രചാരണങ്ങളുടെ സാമൂഹിക പ്രതിഫലനങ്ങൾ ഇവിടം കൊണ്ടൊന്നും അവസാനിക്കാൻ പോകുന്നില്ല. മുസ്ലീംതീവ്രവാദം പോലെ, ദളിത് തീവ്രവാദം പോലെ മാവോയിസവും എന്ന മറ്റൊരു ഫോബിയ കൂടി പൊതുബോധത്തിൽ പടരും.

ഈ പശ്ചാത്തലത്തിലെങ്കിലും ഭരണകൂടം നിശ്ചയിക്കുന്ന അജണ്ടകൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കി വാർത്തകളെഴുതാൻ മാധ്യമങ്ങൾ തയ്യാറാകണം. ദേശീയ തലത്തിൽ നാളുകളായി നടക്കുന്ന മാവോയിസ്റ്റ് ഓപ്പറേഷനുകളുടെയും പോലീസ് ഭാഷ്യങ്ങളുടെയും നവസാമ്രാജ്യത്വത്തിന്റെ വികസന അജണ്ടകളിലൊന്നായി മാറിക്കൊണ്ടിരിക്കുന്ന സൈനികവത്കരണത്തിന്റെയും പശ്ചാത്തലത്തിൽ വേണം കേരളത്തിലെ മാവോയിസ്റ്റ് വേട്ടയേയും വിലയിരുത്താൻ.

2005ൽ ആണ് ഇന്ത്യയുടെ ഏറ്റവും വലിയ ആഭ്യന്തര ഭീഷണി മാവോയിസ്റ്റുകളാണെന്ന് മൻമോഹൻ സിംഗ് ആദ്യമായി പറയുന്നത്. ആ പ്രസ്താവനയെത്തുടർന്ന് പല ഖനന കമ്പനികളുടെയും ഓഹരിവില കുതിച്ചുയർന്നതായുള്ള വിവരങ്ങൾ പുറത്തുവന്നു. ഖനനം നടത്തുന്നതിന് തടസ്സമൊന്നുമുണ്ടാകില്ല എന്ന ഉറപ്പുകൂടിയായിരുന്നു പ്രധാനമന്ത്രിയുടെ പ്രസ്താവന എന്നാണ് ഇത് വ്യക്തമാക്കുന്നത്. തുടർന്ന് പല സ്വാതന്ത്ര്യദിന സന്ദേശങ്ങളിലും രാജ്യത്തെ അഭിസംബോധനചെയ്ത് സംസാരിക്കവെ മാവോയിസം ഏറ്റവും വലിയ ആഭ്യന്തരഭീഷണിയാണെന്ന് മൻമോഹൻ ആവർത്തിച്ചു. മാവോയിസം വളരാൻ കാരണമാകുന്ന സാമൂഹിക സാഹര്യങ്ങളെ നേരിടുമെന്നും പറഞ്ഞു. ആ പ്രസ്താവനയ്ക്ക് ശേഷമാണ് മാവോയിസ്റ്റ് കേന്ദ്രങ്ങളിൽ പല പേരുകളിലുള്ള പാരമിലിട്ടറി ഫോഴ്സുകൾ വ്യാപകമാകുന്നത്. ഓപ്പറേഷൻ ഗ്രീൻഹണ്ട് പോലെയുള്ള കേന്ദ്രീകൃത സൈനികവത്കരണ പരിപാടികൾ ആരംഭിക്കുന്നത്. ഛത്തീസ്ഗഢ് സായുധ സേന, കേന്ദ്ര റിസർവ് പോലീസ് സേന, അതിർത്തി സുരക്ഷ സേന, കേന്ദ്ര വ്യവസായ സുരക്ഷാ സേന, ഗ്രേഹണ്ട്സ്, സ്കോർപിയോസ്, കോബ്രാസ്, സാൽവാജൂദം എന്നിങ്ങനെ നീളുന്നു സർക്കാറിന്റെ മാവോവേട്ടയ്ക്കുള്ള കരിംപൂച്ചകൾ. അതിൽതന്നെ 'ശുദ്ധീകരണ വേട്ട' എന്നർത്ഥം വരുന്ന സാൽവാജൂദം എന്ന സേന, നിഷ്കളങ്കരായ നാട്ടുകാരെ തന്ത്രപരമായി സർക്കാർ പക്ഷത്താക്കി മാവോയിസ്റ്റുകളെ നേരിടാനുള്ള തീർത്തും മനുഷ്യത്വവിരുദ്ധമായ പരിപാടിയായിരുന്നു. ഛത്തീസ്ഗഢ് സർക്കാർ എല്ലാവിധ പിന്തുണയും നൽകിയ സാൽവാജൂദത്തിന്റെ നരനായാട്ടിനെതിരെ സംസാരിച്ചതിനാണ് ഡോ. ബിനായക് സെൻ ഭരണകൂടത്തിന്റെ കണ്ണിലെ കരടായി മാറിയത്. സ്പെഷ്യൽ പോലീസ് ഓഫീസേഴ്സ് (എസ്.പി.ഒ) എന്ന പേരിൽ ഛത്തീസ്ഗഢ് സർക്കാർ നാലായിരത്തോളം യുവാക്കൾക്ക് ആയുധം നൽകി സൈനികവത്കരിച്ചു. 1500 രൂപ മാസശമ്പളം പറ്റിയിരുന്ന, .303 റൈഫിളുകൾ സ്വന്തമായി കിട്ടിയ അവരായിരുന്നു സാൽവാജൂദത്തെ നയിച്ചിരുന്നത്. കൊള്ളനടത്തുന്നതിനായി, നക്സലൈറ്റ് ആണെന്ന് ആരോപിച്ച് ആദിവാസികളെ നരഹത്യ നടത്തുകയാണ് സ്പെഷ്യൽ പോലീസ് ഓഫീസേഴ്സ് ചെയ്തതെന്ന് പിന്നീട് തെളിഞ്ഞു.

ഭീകരമായ മനുഷ്യാവകാശ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് 2011 സുപ്രീംകോടതി സാൽവാജൂദം നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെന്ന് വിധിച്ചു. അവർക്ക് നൽകിയ ആയുധങ്ങൾ തിരികെ വാങ്ങാൻ സുപ്രീംകോടതി ഛത്തീസ്ഗഢ് സർക്കാറിനോട് ആവശ്യപ്പെടുകയും ചെയ്തു. 'മാവോയിസ്റ്റുകളുടെ പക്ഷത്ത് നിന്നും നിരവധി ഭീഷണികൾ സ്റ്റേറ്റിന് നേരിടേണ്ടിവരുന്നുണ്ട് എന്നത് വാസ്തവമാണെങ്കിലും അത്തരം പ്രവർത്തനങ്ങളിലേക്ക് അവരെ നയിച്ച സാമൂഹിക സാമ്പ

*⇨ ആദിവാസികളുടെ കൈവശമുള്ള 3,100 ഏക്കർ വനഭൂമിയാണ് പോസ്കോ ഖനനത്തിനായി ആവശ്യപ്പെടുന്നത് ⇨*

ത്തിക കാരണങ്ങളെയും സർക്കാറിന്റെ നയങ്ങളെത്തന്നെയും കാണാതിരിക്കാൻ കഴിയില്ല' എന്നും സുപ്രീംകോടതി ആ വിധിന്യായത്തിൽ പറഞ്ഞു.


ഛത്തീസ്ഗഢിലും പ്രാദേശിക മാധ്യമങ്ങളെല്ലാം സാൽവാജൂദത്തിന്റെ ചെയ്തികളെ മറച്ചുവയ്ക്കുകയാണുണ്ടായത്. ചില ദേശീയ മാധ്യമങ്ങളുടെയും ഇന്റർനെറ്റ് പോലെയുള്ള സമാന്തര മാധ്യമങ്ങളുടെയും സഹായത്താലാണ് സാൽവാജൂദത്തിന്റെ ഹിംസകൾ പുറത്തുകൊണ്ടുവരാൻ മനുഷ്യാവകാശ പ്രവർത്തകർക്ക് കഴിഞ്ഞത്. ഭരണകൂടത്തിന്റെ വികസനഹിംസ എങ്ങനെ മാവോയിസ്റ്റുകൾക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നു എന്ന റിപ്പോർട്ടുകളും ഈ മാധ്യമങ്ങളിലൂടെ പുറത്തുവന്നു. വേദാന്തയ്ക്കും പോസ്കോയ്ക്കുമെതിരെ ഒറീസ്സയിൽ ഉയർന്നുവന്ന ജനകീയ പ്രക്ഷോഭം, ചുവപ്പൻ ഇടനാഴി എന്ന് ഭരണകൂടം വിശേഷിപ്പിക്കുന്ന മേഖലയിലെ പ്രകൃതിവിഭവങ്ങളിൽ ആഗോളഭീമന്മാരായ കോർപ്പറേറ്റുകൾക്കുള്ള താത്പര്യങ്ങൾ പുറത്തുകൊണ്ടുവന്നു. ആദിവാസി

> ഭീകരവിരുദ്ധ നടപടികളുടെ പേരിൽ നിലവിലുള്ള പോലീസ് സംവിധാനം തന്നെ അധികാര ദുർവിനിയോഗം നടത്തുന്നതായുള്ള പരാതികൾ വ്യാപകമാവുന്ന സമയത്താണ് വിപുലമായ അധികാരങ്ങളുള്ള എൻ.സി.ടി.സിക്ക് വേണ്ടിയുള്ള അലോചനകൾ നടക്കുന്നത് എന്നത് ആശങ്കയുളവാക്കുന്ന കാര്യമാണ്

സമൂഹം പരമ്പരാഗതമായി അധിവസിക്കുന്ന 3,100 ഏക്കർ വനഭൂമിയാണ് പോസ്കോ ഖനനത്തിനായി ആവശ്യപ്പെടുന്നത്. വേദാന്ത കവർന്നെടുക്കാൻ ശ്രമിക്കുന്നതോ, പരമ്പരാഗത ഗോത്രമായ ദോംക്രിയ കാന്ത് വിഭാഗത്തിൽപ്പെട്ട ആദിവാസികൾ വസിക്കുന്ന നിയംമ്ഗിരി കുന്നുകളും. ആദിവാസികൾക്ക് വനഭൂമിയുടെ മേൽ ഭരണഘടനാപരമായ അവകാശം നൽകുന്ന പെസ ആക്ടും വനാവകാശ നിയമവുമെല്ലാം പൂർണ്ണമായും ലംഘിച്ചുകൊണ്ട് ഈ കോർപ്പറേറ്റുകൾക്ക് വേണ്ടി അവരെ കുടിയൊഴിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സായുധരായ മാവോയിസ്റ്റുകളല്ല, നിരായുധരായ തദ്ദേശീയ ജനതയാണ് അഹിംസാത്മക മാർഗ്ഗങ്ങളിലൂടെ ഈ ജനകീയ സമരങ്ങളെ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതെങ്കിലും മാവോയിസ്റ്റുകൾക്ക് ഈ മേഖലയിൽ സ്വാധീനമുണ്ടാകാനുള്ള കാരണങ്ങൾ ഈ സമരങ്ങൾക്ക് തുറന്നുകാണിക്കാൻ കഴിഞ്ഞു.

ദേശീയതലത്തിൽ നടക്കുന്ന ഇത്തരം വിഷയങ്ങളൊന്നും പരിഗണിക്കാതെയാണ് കേരളത്തിലെ മാധ്യമങ്ങൾ മാവോയിസ്റ്റ് വേട്ടയെക്കുറിച്ച് വാർത്തകളെഴുതിയത്. തീർത്തും പ്രാദേശികമായ രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ നിശ്ചയിക്കുന്നതിന്റെ കുഴപ്പമാണ് അവിടെ നിഴലിച്ചത്. അത്രചുരുക്കി കാണാൻ കഴിയുന്നതല്ല മാവോയിസ്റ്റ് വേട്ടയുടെ സാമൂഹിക പശ്ചാത്തലം. മാവോയിസ്റ്റുകൾ ഉന്നയിക്കുന്നത് ഒരു രാഷ്ട്രീയ പ്രശ്നമാണ്. അനീതികളെയാണ് അവർ എവിടെയും പ്രതിനിധീകരിക്കുന്നത്. അനീതികൾ പരിഹരിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നതിനാൽ അനീതികൾക്കെതിരെയുണ്ടാകുന്ന എല്ലാവിധ ഉണർച്ചകളെയും ഭരണകൂടം ഭയപ്പെടുന്നു. അവർ ഇപ്പോൾതന്നെ ഒപ്പിട്ടുകഴിഞ്ഞ പല ധാരണാപത്രങ്ങളും യാഥാർത്ഥ്യമാകണമെങ്കിൽ, ലാഭവിഹിതം തുടർന്നും കൈപ്പറ്റണമെങ്കിൽ ഈ അനീതി ഇങ്ങനെതന്നെ തുടരേണ്ടിവരും. ആഗോളവത്കരണം അസമത്വങ്ങളുടെ വ്യാപ്തിയും തീവ്രതയും വർദ്ധിപ്പിച്ചതിനെത്തുടർന്ന് ലോകത്തെമ്പാടും ഉയർന്നുവരുന്ന ജനകീയ പ്രതിഷേധങ്ങളെ സൈനികവത്കരണം കൊണ്ട് നേരിടാൻ തന്നെയാണ് ഭരണകൂടങ്ങൾ തയ്യാറാടെക്കുന്നത്. അത്തരം സൈനികവത്കരണത്തിന് അനുയോജ്യമായ ഒരു അന്തരീക്ഷം ജനങ്ങളെ ഏതെങ്കിലും തരത്തിലുള്ള മാസ് ഹിസ്റ്റീരിയയിൽ അകപ്പെടുത്തിക്കൊണ്ട് സൃഷ്ടിച്ചെടുക്കുക എന്നതിനാണ് ഭരണകൂടങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇറാഖിന്റെ കൈവശം മാരകശേഷിയുള്ള രാസായുധങ്ങളുണ്ടെന്ന്, ഇറാഖിൽ അധിനിവേശം നടത്തുന്നതിന് തൊട്ടുമുമ്പ് പ്രസ്താവിക്കുന്ന അമേരിക്കൻ പ്രസിഡന്റും മാവോയിസമാണ് ഏറ്റവും വലിയ ആഭ്യന്തരഭീഷണി എന്ന് ഓപ്പറേഷൻ ഗ്രീൻ ഹണ്ട് ആരംഭിക്കുന്നതിന് തൊട്ട്മുമ്പ് ആവർത്തിക്കുന്ന ഇന്ത്യൻ പ്രധാനമന്ത്രിയും ഫലത്തിൽ ഒരുപോലെ സൈനികനീക്കത്തിന് ജനസമ്മതി നേടിയെടുക്കുകയാണ് ചെയ്യുന്നത്.

അഭിപ്രായസ്വാതന്ത്ര്യവും വിയോജിക്കാനുള്ള അവകാശവും ആവോളമുണ്ടെന്ന



കൊബാദ് ഘാണ്ടി



ഛത്രദാർ മഹതോ



സോണി സോറി

മിഥ്യാധാരണ നിലനിർത്തിക്കൊണ്ട് കരിനിയമങ്ങൾ വ്യാപകമായി അടിച്ചേൽപ്പിക്കാൻ ഭരണകൂടത്തിന് കഴിയുന്നുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിലവിലുള്ള ആംമ്ഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ടും (എ.എഫ്.എസ്.പി.എ), ജമ്മുകാശ്മീരിൽ നിലവിലുള്ള ആംമ്ഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ടും, അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടും (യു.എ.പി.എ), ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സമരം ചെയ്യുന്നവർക്ക് മേൽ ചുമത്തുന്ന രാജ്യദ്രോഹക്കുറ്റവും (sedition law) എല്ലാം മനുഷ്യാവകാശങ്ങളെ ഭീതിദമാം വിധം ഹനിക്കുന്ന വിവരങ്ങൾ നാം ദിനംപ്രതി അറിഞ്ഞുകൊണ്ടിരിക്കുകയാണ്. കരിനിയമങ്ങൾക്കെല്ലാം പുറമെയാണ് ദേശീയ ഭീകരവിരുദ്ധ കേന്ദ്രം (National Counter terrorism Center - NCTC) സ്ഥാപിക്കാൻ കേന്ദ്രസർക്കാർ തയ്യാറെടുക്കുന്നത്. ഭീകരവിരുദ്ധ നടപടികളുടെ പേരിൽ നിലവിലുള്ള പോലീസ് സംവിധാനം തന്നെ അധികാര ദുർവിനിയോഗം നടത്തുന്നതായുള്ള പരാതികൾ വ്യാപകമാവുന്ന സമയത്താണ് വിപുലമായ അധികാരങ്ങളുള്ള എൻ.സി.ടി.സിക്ക് വേണ്ടിയുള്ള ആലോചനകൾ നടക്കുന്നത് എന്നത് ആശങ്കയുളവാക്കുന്ന കാര്യമാണ്. പാർലമെന്റിന് വിധേയമല്ലാതെ പ്രവർത്തിക്കുന്ന ഇന്റലിജൻസ് ബ്യൂറോയുടെ കീഴിലാണ് എൻ.സി.ടി.സി വരുന്നത് എന്നതും ആശങ്ക സൃഷ്ടിക്കുന്നുണ്ട്. എന്നാൽ, ഭീകരപ്രവർത്തനത്തിന്റെ പേരിൽ അറസ്റ്റുചെയ്യപ്പെടുന്ന പലരും പിന്നീട് കുറ്റക്കാരല്ല എന്ന് കണ്ടെത്തി ജയിൽ മോചിതരാകേണ്ടി വരുന്ന സാഹചര്യം എന്തുകൊണ്ട് ഇന്ത്യയിൽ ആവർത്തിക്കുന്നു എന്നതിനെക്കുറിച്ച് അന്വേഷിക്കാൻ ഭരണകൂടത്തിന് ശുഷ്കാന്തിയില്ല, മാധ്യമങ്ങൾക്കും.

സ്വാതന്ത്ര്യാനന്തരം പട്ടാള ബറ്റാലിയനുകളും പോലീസ് സേനയും സുരക്ഷാ ഏജൻസികളുമാണ് ഇന്ത്യയിൽ മറ്റെന്തിനേക്കാളും ദ്രുതഗതിയിൽ വളർന്നത്. ഇന്ത്യ പിന്തുടർന്ന വികസനത്തിന്റെയും വളർച്ചയുടെയും ദിശയ്ക്ക് സൈന്യവും വംശഹത്യകളും ഉന്മൂലനങ്ങളും അടിച്ചമർത്തലുകളും അനിവാര്യമായിവന്നു എന്നതാണ് വസ്തുത. 2012-2013 കാലഘട്ടത്തിലെ കണക്കുകൾ പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു. അഹിംസാ മാർഗ്ഗത്തിലൂടെ സ്വതന്ത്രമായ ഒരു നാടിന് നേടാവുന്ന ഏറ്റവും ഹീനമായ ഒന്നാം സ്ഥാനം. 25,126.10 കോടി രൂപയുടെ ആയുധങ്ങളാണ് കഴിഞ്ഞ വർഷം മാത്രം ഇന്ത്യ ഇറക്കുമതി ചെയ്തത്. രാജ്യത്ത് സുരക്ഷാ ഭീഷണി നിലനിൽക്കുന്നുണ്ട് എന്ന പൊതുബോധം സൃഷ്ടിക്കാൻ ഭരണകൂടത്തിന് വിജയകരമായി കഴിഞ്ഞിട്ടുള്ളതിനാൽ എത്ര കോടി ചിലവാക്കിയാലും പ്രതിഷേധങ്ങളുണ്ടാകില്ലെന്ന് അവർക്കുറപ്പുണ്ട്. സ്വാതന്ത്ര്യാനന്തരം ഏറ്റവും കൂടുതൽ കോഴവിവാദങ്ങൾ ഉയർന്നുവന്നിട്ടുള്ളത് പ്രതിരോധ/ആയുധ ഇടപാട് രംഗത്തുനിന്നുമാണ് എന്ന കാര്യവും ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്. ഫലത്തിൽ മാവോയിസ്റ്റ് ഭീതിയുടെ ഗുണഫലങ്ങൾ കൊയ്യുന്നത് ആയുധകച്ചവടക്കാരും അവരുടെ ഇടനിലക്കാരും കമ്മീഷൻ കീശയിലാക്കുന്ന രാഷ്ട്രീയക്കാരുമാണ്.

നവ-ലിബറൽ മുതലാളിത്തത്തിന്റെ കാലംകൂടി ആഗതമായതോടെ പൗരസ്വാതന്ത്ര്യത്തിന് മേലുള്ള പോലീസിംഗ് കൂടുകയാണ് ചെയ്തത്. സുരക്ഷാഭീഷണി എന്ന അഭ്യൂഹം നിലനിർത്തി, ഇത്തരം നീക്ക

ങ്ങൾക്ക് സാംഗത്യം കണ്ടെത്താൻ ഭരണകൂടം എപ്പോഴും മാധ്യമങ്ങളെയാണ് ആശ്രയിക്കുന്നത്. മാധ്യമങ്ങളുടെ പദാവലികളിലേക്ക് നിരുപദ്രവകരമായ രീതിയിൽ നരഹത്യയുടെ ഭാഷ കടന്നുകയറുന്നതിനെക്കുറിച്ച് അരുന്ധതി റോയ് വിശദീകരിച്ചിട്ടുണ്ട്. (Walking With The Comrades, Outlook Magazine, MarcH 29, 2010). 'മാവോയിസ്റ്റ് ബാധിതം' എന്നാണ് ദന്തേവാദയെ സർക്കാരും മാധ്യമങ്ങളും വിശേഷിപ്പിക്കുന്നത്. രോഗത്തെ സംബന്ധിച്ചാണ് സാധാരണ 'ബാധിക്കുക' എന്ന് പറയാറുള്ളത്. രോഗത്തിന് ചികിത്സ ആവശ്യമാണ്. രോഗാണുക്കളെ ചികിത്സയിലൂടെ തുടച്ചുനീക്കേണ്ടതുണ്ട്. സമാനമായ തുടച്ചുനീക്കൽ ഉദ്ദേശിക്കുന്നതുകൊണ്ടാണ് നക്സൽ സ്വാധീന മേഖലകളെയും 'ബാധിത പ്രദേശങ്ങൾ' എന്ന് പറയുന്നത്.

മാവോയിസ്റ്റുകളെ കണ്ടതെല്ലാം വനാതിർത്തികളിലുള്ള കുടിയേറ്റ കർഷകരും തോട്ടം തൊഴിലാളികളും. മാവോയിസ്റ്റുകൾ ഉണ്ടെന്ന് സംശയിക്കപ്പെടുന്ന സ്ഥലങ്ങൾ ആദിവാസി കോളനികളും. അതായിരുന്നു വാർത്തകൾ പൊതുവായി സൃഷ്ടിച്ച പ്രതീതി

നക്സൽ പ്രശ്നത്തിൽ സർക്കാർ സംഭാഷണമല്ല, തുടച്ചുനീക്കലാണ് ഉദ്ദേശിക്കുന്നത്. മാധ്യമങ്ങളും 'ബാധിതം' എന്നുതന്നെ പറഞ്ഞുകൊണ്ട് തുടച്ചുനീക്കലിന് ആവശ്യമായ രോഗത്തെ നിർമ്മിച്ചുകൊടുക്കുന്നു. ഹിംസയുടെ വഴി സുഗമമാക്കുന്നതരത്തിലുള്ള സമാനമായ പദാവലികളാണ് മാധ്യമങ്ങൾ കേരളത്തിലെ മാവോയിസ്റ്റ് വേട്ടയിലും ഉപയോഗിച്ചത്. രോഗത്തിന്റെ സൂചനകൾ തരിമ്പുപോലും ഇല്ലാതിരുന്നിട്ടും ചികിത്സ നിർദ്ദേശിക്കപ്പെട്ടു കഴിഞ്ഞു.

യുദ്ധത്തിന്റെ മറവിൽ ശ്രീലങ്കൻ സൈന്യം തമിഴ്‌വംശജർക്കെതിരെ നടത്തിയ കൂട്ടക്കുരുതിയുടെ വാർത്തകളും ചിത്രങ്ങളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. അതീവരഹസ്യമായി അജ്മൽ കസബിനെയും അഫ്സൽ ഗുരുവിനെയും തൂക്കിലേറ്റിയതിനു പിന്നിലെ അനീതികൾ വ്യാപകമായി ചർച്ചചെയ്യപ്പെടുന്നു. ഇസ്രത്ത് ജഹാൻ വ്യാജ ഏറ്റുമുട്ടൽ കൊലപാതക കേസിൽ ഗുജറാത്ത് പോലീസിലെ ഉന്നതർ അറസ്റ്റുചെയ്യപ്പെടുന്നു. സമാനമായ വ്യാജ ഏറ്റുമുട്ടലുകളിൽ മാവോയിസ്റ്റ് നേതാക്കളായ ആസാദും കിഷൻജിയും കൊല്ലപ്പെട്ടതിനെതിരെ പ്രതിഷേധങ്ങൾ ഉയരുന്നു. പോലീസ് പത്രപ്രവർത്തകരായി വേഷം മാറി വന്ന് പശ്ചിമ ബംഗാളിലെ ആദിവാസി നേതാവും പോലീസ് ക്രൂരതകൾ പുറത്തുകൊണ്ടുവന്ന പീപ്പിൾസ് കമ്മിറ്റി എഗൻസ്റ്റ് പോലീസ് അട്രോസിറ്റീസിന്റെ കൺവീനറുമായ ഛത്രദാർ മഹതോയെ അറസ്റ്റുചെയ്യുന്നു. യു.എ.പി.എ നിയമ പ്രകാരം വിചാരണ തുടരാനുള്ള തെളിവുകൾ ഇല്ലെന്ന് ചൂണ്ടിക്കാട്ടി മാവോയിസ്റ്റ് നേതാവ് കൊബാദ് ഘാണ്ടിക്കെതിരെയുള്ള കേസുകൾ തുടരാനാകില്ലെന്ന് ദില്ലി ഹൈക്കോടതി വ്യക്തമാക്കുന്നു. ദന്തേവാദയിലെ ആദിവാസി സ്കൂൾ ടീച്ചറായ സോണി സോറി മാവോയിസ്റ്റ് ബന്ധത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യപ്പെടുകയും പോലീസ് കസ്റ്റഡിയിൽ വച്ച് ലൈംഗികമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. സോണി ക്രൂരമായി പീഡിപ്പിക്കപ്പെട്ടതിന്റെ മെഡിക്കൽ റിപ്പോർട്ടുകൾ (യോനിയിൽ നിന്നും കല്ലുകൾ കണ്ടെടുത്തിരുന്നു) പുറത്തുവന്നിട്ടും അവരെ ലൈംഗികമായി ഉപദ്രവിച്ച അങ്കിത് ഗാർഗ് എന്ന ഉന്നത പോലീസ് ഉദ്യോഗസ്ഥനെ വിശിഷ്ട സേവനത്തിനുള്ള മെഡൽ നൽകി രാഷ്ട്രം 63-ാം റിപ്പബ്ലിക് ദിനത്തിൽ ആദരിക്കുന്നു.

ഇങ്ങനെ, പോലീസിനെ സംശയിക്കേണ്ട, പറഞ്ഞാൽ തീരാത്ത സംഭവങ്ങൾ ചുറ്റിലും നടന്നുകൊണ്ടിരിക്കുന്ന കാലമായിട്ടും മാധ്യമങ്ങൾ പോലീസ് ഭാഷ്യങ്ങളെ വാരിപ്പുണരുന്ന കാഴ്ചയാണ് കാണുന്നത്. (ഈ പറഞ്ഞതിൽ പല വാർത്തകളും വരുന്നത് കേരളത്തിൽ മാവോയിസ്റ്റ് വേട്ട നടന്ന അതേ ദിവസങ്ങളിൽ തന്നെയാണ്). നിയമപരമായി തന്നെ പോലീസ് എത്രത്തോളം നീതിരഹിതമാണെന്നതിന്റെ നൈതിക പ്രതിസന്ധികളെക്കുറിച്ച് ചിന്തിച്ചില്ലെങ്കിൽ പോലും പോലീസ് നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അല്പമെങ്കിലും മാധ്യമങ്ങൾ ചിന്തിക്കേണ്ടതുണ്ട്. അതല്ലാതെ, ഈ ഏകപക്ഷീയത തുടരുകയാണെങ്കിൽ ജനാധിപത്യത്തിന് വലിയ ഭീഷണിയായി പോലീസ് - മാധ്യമ കൂട്ടുകെട്ട് മാറുമെന്നതിൽ സംശയമില്ല. വൈകി വിവേകമുദിച്ച പല മാധ്യമങ്ങളും മാവോയിസ്റ്റ് വേട്ടയുടെ ചോരക്കറ കഴുക്കിക്കളഞ്ഞ് വിശുദ്ധരാകാൻ പിന്നീട് ശ്രമിച്ചെങ്കിലും അവർ വിതച്ച ഭീതിയുടെ നിഴലിൽ നിരവധി പേർ അപ്പോഴേക്കും ജാമ്യം കിട്ടാത്ത കേസുകളിൽ അകത്തായിക്കഴിഞ്ഞിരുന്നു.

⇨ വി.എസ്സിന് പോലും അക്കാര്യത്തിൽ മൗനം അവലംബിക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട് ⇨

കേരളത്തിൽ നടന്ന മാവോയിസ്റ്റ് തിരിച്ചലിനെ പത്ര-ദൃശ്യമാധ്യമങ്ങൾ ഏകപക്ഷീയമായി അവതരിച്ചതിന്റെ പ്രശ്നം സമൂഹത്തിൽ എവിടെയാണ് ഇനി പ്രതിഫലിക്കാൻ പോകുന്നത്? കേരളത്തിൽ പ്രധാനമായും മാവോയിസ്റ്റുകൾക്ക് വേണ്ടിയുള്ള തിരച്ചിൽ നടന്നത് വനമേഖലകളിലാണ്. സ്വാഭാവികമായും വനാതിർത്തികളിലും വനങ്ങൾക്കുള്ളിലും താമസിക്കുന്നവർ എന്ന നിലയിൽ ആദിവാസി ഊരുകളും ഈ തിരച്ചിലിൽ ഉൾപ്പെട്ടു. 'ആദിവാസി ഊരുകളിൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്നും ഊരുകൾ പോലീസ് നിരീക്ഷണത്തിലാണ്' എന്നുമാണ് മാധ്യമങ്ങൾ തിരച്ചിലിനെ വിശേഷിപ്പിച്ചത്. മാവോയിസ്റ്റുകൾ ആദിവാസികളിലൂടെയാണ് കടന്നുവരാൻ ഉദ്ദേശിക്കുന്നത് എന്നതിൽ മാധ്യമങ്ങൾക്ക് ഉറപ്പുള്ളതുപോലെയായിരുന്നു റിപ്പോർട്ടിംഗുകൾ. മാവോയിസ്റ്റുകളെ കണ്ടതെല്ലാം വനാതിർത്തികളിലുള്ള കുടിയേറ്റ കർഷകരും തോട്ടം തൊഴിലാളികളും. മാവോയിസ്റ്റുകൾ ഉണ്ടെന്ന് സംശയിക്കപ്പെടുന്ന സ്ഥലങ്ങൾ ആദിവാസി കോളനികളും. അതായിരുന്നു വാർത്തകൾ പൊതുവായി സൃഷ്ടിച്ച പ്രതീതി. കുടിയേറ്റ മേഖലകളിലുള്ള, പത്രം വായിക്കുന്നതും ടെലിവിഷൻ കാണുന്നതുമായ മുഖ്യധാരാ സമൂഹം ആദിവാസികളെ സംശയത്തോടെ വീക്ഷിക്കുന്നതിന് കാരണമായിത്തീരുന്നു ഫലത്തിൽ ഇത്തരം റിപ്പോർട്ടിംഗുകൾ. വയനാട്ടിലുള്ള കുടിയേറ്റക്കാരായ തദ്ദേശീയർ കടുവയെപ്പോലെ തന്നെ പേടിക്കേണ്ട വിഭാഗമായി, യഥാർത്ഥ തദ്ദേശവാസികളായ ആദിവാസികളെ കരുതും. അങ്ങനെ സംശയങ്ങളും ഭീതിയുമായി കഴിയുന്ന ഒരു ജനത നാളെ സാൽവാജൂദത്തെപ്പോലെയായി മാറാനുള്ള സാധ്യത വളരെയേറെയാണ്. അല്ലെങ്കിൽ, മാധ്യമങ്ങളാൽ സ്വാധീനിക്കപ്പെടുന്ന ആ ജനവിഭാഗത്തെ സാൽവാജൂദമായി പരിവർത്തിപ്പിക്കാൻ ഭരണകൂടത്തിന് നിഷ്പ്രയാസം സാധിക്കും. (വയനാട്ടിലെ കടുവയെ നേരിട്ടതിൽ സാൽവാജൂദത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള ഒരു സംഘടിത ശേഷി ജനം പ്രകടിപ്പിച്ചിരുന്നു).

മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന പ്രചാരണം ജനകീയ സമരങ്ങളെ അടിച്ചമർത്താനുള്ള മാർഗ്ഗമാണെന്ന് വാദമുണ്ട്. സർക്കാറും പോലീസും അങ്ങനെ ഉദ്ദേശിക്കുന്നുണ്ടാകാം. പക്ഷെ നിലവിൽ അതുപറഞ്ഞ് ജനകീയ സമരങ്ങളെ അടിച്ചമർത്താൻ കഴിയുന്ന സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നില്ല. സർക്കാർ നയങ്ങളുടെയും വികസന കാഴ്ച്ചപ്പാടുകളുടെയും ഭാഗമായി ദുരിതങ്ങളനുഭവിക്കുന്ന ജനങ്ങൾ കക്ഷി രാഷ്ട്രീയത്തിനതീതമായി രൂപീകരിക്കുന്ന കൂട്ടായ്മകളും തീർത്തും ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സംഘടനകളുടെയും വ്യക്തികളുടെയും ഏകോപന വേദികളുമാണ് കേരളത്തിലെ ജനകീയ സമരങ്ങൾക്ക് നേതൃത്വം നൽകുന്നത്. മാവോയിസ്റ്റുകളാണ് സമരങ്ങൾക്ക് പിന്നിലെന്ന് പ്രചാരണം പല വട്ടമിറക്കി പരാജയപ്പെട്ടിട്ടുള്ളതാണ്. വി.എസ്. അച്യുതാനന്ദനാണ് മുഖ്യമന്ത്രിയായിരിക്കെ ആദ്യം അത്തരമൊരു കാർഡ് ആദ്യമിറക്കിയത്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള നാലുവരിപാതയുടെ നിർമ്മാണത്തിനായി മൂലമ്പിള്ളിയിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർ അതിനെതിരെ ശബ്ദിച്ചപ്പോൾ സമരത്തിന് പിന്നിൽ മാവോയിസ്റ്റുകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിതന്നെ പറഞ്ഞ നുണ, കിടപ്പാടം നഷ്ടപ്പെട്ട മൂലമ്പിള്ളി സമരക്കാരുടെ നിശ്ചയദാർഢ്യത്തിന്റെ ഫലമായി കേരളമൊന്നടങ്കം പിന്നീട് തിരിച്ചറിയുകയും വി.എസ്സിന് പോലും അക്കാര്യത്തിൽ മൗനം അവലംബിക്കേണ്ടിവരുകയും ചെയ്തിട്ടുണ്ട്. ജനാധിപത്യ ഉറച്ചുനിൽക്കുന്ന ജനകീയ സമരങ്ങളുടെ വിജയം കൂടിയായിരുന്നു ആ സംഭവം. മുത്തങ്ങയിലും ചെങ്ങറയിലുമെല്ലാം അരോപിക്കപ്പെട്ട ഇതേ മാവോയിസ്റ്റ് ഉമ്മാക്കി നിലംതൊടാതെ പൊളിഞ്ഞുപോയിട്ടുണ്ട്.

പരിമിതികളുണ്ടെങ്കിലും, വികസിതമായിക്കൊണ്ടിരിക്കുന്ന ആ ജനാധിപത്യ ഇടമാണ് കേരളത്തിൽ മാവോയിസ്റ്റുകൾക്ക് സാധ്യതയില്ലാതാക്കിയിരിക്കുന്നത്. അനീതികൾക്കെതിരെ പോരാടാൻ ജനാധിപത്യം പോലെ സാധ്യതകളേറെയുള്ള ഒരു ഇടത്തിൽ, സായുധ മാർഗ്ഗത്തിൽ മാത്രം ഊന്നുന്ന മാവോയിസം അതിന്റെ ലക്ഷ്യത്തേയോ മാർഗ്ഗത്തേയോ സാധൂകരിക്കുന്നില്ല. ഭരണകൂടത്തിന്റെ ഏകാധിപത്യത്തിനും സാമൂഹിക അനീതികൾക്കുമെതിരെ നടക്കുന്ന പോരാട്ടങ്ങളിൽ അവരുടെ പങ്ക് അനേകങ്ങളിൽ അല്പം മാത്രം. അത് അത്ര അപ്രധാനമല്ലെന്നുമാത്രം. മാധ്യമങ്ങൾ കാണാതെ പോകുന്ന/മൂടിവയ്ക്കുന്ന സത്യങ്ങൾ ജനാധിപത്യത്തിന്റെയും പൗരമാധ്യമങ്ങളുടെയും നവസാധ്യതകളിലൂടെ പിന്നീട് പുറത്തുവരുന്നതിനാൽ അധികാര ഹിംസയുടെ ആയുധങ്ങൾക്ക് എക്കാലവും ഒരേ മൂർച്ചയുണ്ടാകില്ല എന്ന് ആശ്വസിക്കാം. ■